# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 149 09.06.2014-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

**ഓപ്പറേഷൻ കുബേര**

**ചോദ്യം**

ശ്രീമതി.കെ.എസ്.സലീഖ

(എ) സംസ്ഥാനത്ത് ബ്ലേഡ് മാഫിയകളെ നിയന്ത്രിക്കാനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര പേരെ അറസ്റ്റ് ചെയ്തു; ഇവരിൽനിന്നും എന്ത് തുക പിടിച്ചെടുത്തു വ്യക്തമാക്കുമോ;

(ബി) ഇവരെ നിയന്ത്രിക്കാനായി നടപ്പിലാക്കിയ 'ഓപ്പറേഷൻ

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല

(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ബ്ലേഡ് മാഫിയകളെ നിയന്ത്രിക്കാനായി റെയ്ഡുകൾ നടത്തിയും, രഹസ്യ വിവരങ്ങൾ ശേഖരിച്ചും കുറ്റക്കാരെ കണ്ടെത്തി അറസ്റ്റു ചെയ്ത് കേസുകൾ രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്ലേഡ് മാഫിയയെ നിയന്ത്രിക്കുന്നതിനുവേണ്ടി നടന്നു വരുന്ന 'ഓപ്പറേഷൻ കുബേര'യുമായി ബന്ധപ്പെട്ട് ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി. മാരെ ജില്ലാ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ബ്ലേഡ് മാഫിയയ്ക്കെതിരായ ജനങ്ങളുടെ പരാതിയിന്മേൽ ഉചിതമായ നടപടികൾ സ്വീകരിയ്ക്കുന്നതിനായി ജില്ലാ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു. ജില്ലാ പോലീസ് മേധാവികളെയും, നോഡൽ ഓഫീസർമാരേയും ബന്ധപ്പെടേണ്ട നമ്പരും ഇ-മെയിൽ ഐ.ഡിയും മാധ്യമങ്ങൾ വഴി പരസ്യപ്പെടുത്തണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിനു പുറമേ ആഴ്ചയിൽ ഒരു ദിവസത്തിന്റെ പകുതി പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനായി മാറ്റി വയ്ക്കണമെന്നുള്ള നിർദ്ദേശവും ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുണ്ട്. ബ്ലേഡ് മാഫിയക്കെതിരെ 1680 കേസുകൾ (ഓപ്പറേഷൻ കുബേര കാലയളവിൽ രജിസ്റ്റർ ചെയ്ത കേസുകൾ ഉൾപ്പെടെ) രജിസ്റ്റർ ചെയ്ത് 1140 പേരെ അറസ്റ്റ് ചെയ്തു. ഇവരിൽ നിന്നും 4,45,89,823/-( നാല് കോടി നാൽപ്പത്തഞ്ച് ലക്ഷത്തി എൺപ്പത്തിയൊമ്പതിനായിരത്തി എണ്ണൂറ്റി ഇരുപത്തി മൂന്ന്) രൂപ പിടിച്ചെടുത്തു.

(ബി) അനധികൃതമായി അമിത പലിശയ്ക്ക് പണം കടം കൊടുത്തുകൊണ്ട് ഗുണ്ടായിസത്തിലൂടെയും മറ്റും

| | | | |
|---|---|---|---|
| | കുബേര' പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | സമ്മർദ്ദം ചെലുത്തി വസ്തു വകകളും, മുദ്രപ്പത്രങ്ങളും, ബ്ലാങ്ക് ചെക്കുകളും ഒപ്പിട്ടു വാങ്ങുകയും അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തു വകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരെ 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ തുടരെത്തുടരെയുള്ള റെയ്ഡുകൾ സംസ്ഥാനമൊട്ടാകെ നടത്തുവാനും, കുറ്റക്കാരായി കാണുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുവാനുമുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. |
| (സി) | 'ഓപ്പറേഷൻ കുബേര'യുടെ ബ്ലേഡ് മാഫിയ വേട്ടയുടെ ഭാഗമായി നാളിതുവരെ എത്ര പരാതികൾ/ ഓൺലൈൻ/ഫോൺ സന്ദേശം മുഖേന ലഭിക്കുകയുണ്ടായി; | (സി) | ഓപ്പറേഷൻ കുബേരയുടെ ബ്ലേഡ് മാഫിയ വേട്ടയുടെ ഭാഗമായി നാളിതുവരെ 2195 പരാതികൾ/ഓൺലൈൻ/ഫോൺ സന്ദേശം മുഖേന ലഭിക്കുകയുണ്ടായി. |
| (ഡി) | പ്രസ്തുത പരാതികൾ അന്വേഷിച്ച് നടപടികളെടുക്കാൻ ഏതെല്ലാം പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്; | (ഡി) | പ്രസ്തുത പരാതികൾ അന്വേഷിച്ച് നടപടികളെടുക്കാൻ ഡി.വൈ.എസ്.പി/ അസി. കമ്മീഷണർമാർ, സർക്കിൾ ഇൻസ്പെക്ടർമാർ, സ്റ്റേഷൻ ഹൗസ് ഓഫീസർമാർ എന്നിവരെ അന്വേഷണത്തിനും അനന്തര നടപടികൾക്കുമായി ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ബ്ലേഡ് മാഫിയയുടെ അതിക്രമങ്ങൾക്കു വിധേയമായി മരണപ്പെട്ടവർ എത്ര; വീടും സ്ഥലവും നഷ്ടപ്പെട്ടവർ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ഇ) | ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ബ്ലേഡ് മാഫിയയുടെ അതിക്രമങ്ങൾക്കു വിധേയമായി 9 പേർ മരണപ്പെട്ടു. (കോഴിക്കോട്-1, ഇടുക്കി -1, തിരു.റൂറൽ-2, തിരു.സിറ്റി-5) .<br>7 പേർക്ക് വീടും സ്ഥലവും നഷ്ടപ്പെട്ടു.( ആലപ്പുഴ -2, തിരു. സിറ്റി - ഒരു കുടുംബത്തിലെ 5 പേർ) |
| (എഫ്) | ബ്ലേഡ് മാഫിയയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പോലീസ്/റവന്യൂ/ മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ കണ്ടെത്താൻ എന്ത് നടപടികൾ സ്വീകരിച്ചു; | (എഫ്) | ഇതു സംബന്ധിച്ച് വിവരങ്ങളോ, പരാതികളോ ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസരണമായ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ജി) | ഇപ്രകാരം നാളിതുവരെ കണ്ടെത്തിയ പോലീസ് ഉൾപ്പെടെയുള്ള മറ്റ് ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ? | (ജി) | ഇപ്രകാരം നാളിതുവരെ കേസുകളിൽ പ്രതിയാക്കപ്പെട്ട പോലീസ് ഉൾപ്പെടെയുള്ള മറ്റ് ഉദ്യോഗസ്ഥരുടെ വിവരങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു. |

Mayhy

സെക്ഷൻ ഓഫീസർ

u8-149 9/6/14

Poomzonscow.

265

**TVM CITY**

| SL. No. | NAME OF POLICE PERSONNEL | RANK | NAME OF OTHER OFFICIALS | DESIGNATION |
|---|---|---|---|---|
| 1 | NIL | | JAYACHANDRAN | HEAD WARDEN, Dist. JAIL |

**TVM RURAL**

| SL. No. | NAME OF POLICE PERSONNEL | RANK | NAME OF OTHER OFFICIALS | DESIGNATION |
|---|---|---|---|---|
| 1 | **JAYAKUMAR** | **CPO 5739** | NIL | |

**KLM CITY**

| SL. No. | NAME OF POLICE PERSONNEL | RANK | NAME OF OTHER OFFICIALS | DESIGNATION |
|---|---|---|---|---|
| | NIL | | NIL | |

**KLM RURAL**

| SL. No. | NAME OF POLICE PERSONNEL | RANK | NAME OF OTHER OFFICIALS | DESIGNATION |
|---|---|---|---|---|
| | NIL | | VIJAYAN PANIKKAR | CHECKING INSPECTOR, KSRTC |
| | | | ULLAS | PEON |

**PTA**

| SL. No. | NAME OF POLICE PERSONNEL | RANK | NAME OF OTHER OFFICIALS | DESIGNATION |
|---|---|---|---|---|
| | NIL | | NIL | |

**ALP**

| SL. No. | NAME OF POLICE PERSONNEL | RANK | NAME OF OTHER OFFICIALS | DESIGNATION |
|---|---|---|---|---|
| | NIL | | NIL | |

**IDK**

| SL. No. | NAME OF POLICE PERSONNEL | RANK | NAME OF OTHER OFFICIALS | DESIGNATION |
|---|---|---|---|---|
| | NIL | | NIL | |

**KTM**

| SL. No. | NAME OF POLICE PERSONNEL | RANK | NAME OF OTHER OFFICIALS | DESIGNATION |
|---|---|---|---|---|
| | NIL | | NIL | |

**EKM C**

| SL. No. | NAME OF POLICE PERSONNEL | RANK | NAME OF OTHER OFFICIALS | DESIGNATION |
|---|---|---|---|---|
| | NIL | | NIL | |

**EKM RURAL**

| SL. No. | NAME OF POLICE PERSONNEL | RANK | NAME OF OTHER OFFICIALS | DESIGNATION |
|---|---|---|---|---|
| | NIL | | VARGHESE | PANCHAYATH SECRETARY |

**TSR C**

| SL. No. | NAME OF POLICE PERSONNEL | RANK | NAME OF OTHER OFFICIALS | DESIGNATION |
|---|---|---|---|---|
| | NIL | | NIL | |

**TSR RURAL**

| SL. No. | NAME OF POLICE PERSONNEL | RANK | NAME OF OTHER OFFICIALS | DESIGNATION |
|---|---|---|---|---|
| 1 | **JOSEPH VARGHEES** | **ASI** | NIL | |

**PKD**

| SL. No. | NAME OF POLICE PERSONNEL | RANK | NAME OF OTHER OFFICIALS | DESIGNATION |
|---|---|---|---|---|
| | NIL | | CHAMIKKUTTY | HEAD MASTER, KUZHALMANTHAM HS |

**MPM**

| SL. No. | NAME OF POLICE PERSONNEL | RANK | NAME OF OTHER OFFICIALS | DESIGNATION |
|---|---|---|---|---|
| | NIL | | NIL | |

**KKD C**

| SL. No. | NAME OF POLICE PERSONNEL | RANK | NAME OF OTHER OFFICIALS | DESIGNATION |
|---|---|---|---|---|
| | NIL | | NIL | |

**KKD RURAL**

| SL. No. | NAME OF POLICE PERSONNEL | RANK | NAME OF OTHER OFFICIALS | DESIGNATION |
|---|---|---|---|---|
| | NIL | | NIL | |

**WYD**

| SL. No. | NAME OF POLICE PERSONNEL | RANK | NAME OF OTHER OFFICIALS | DESIGNATION |
|---|---|---|---|---|
| | NIL | | LORANCE | ATTENDER- HOMEO Dept. |

**KNR**

| SL. No. | NAME OF POLICE PERSONNEL | RANK | NAME OF OTHER OFFICIALS | DESIGNATION |
|---|---|---|---|---|
| | NIL | | NIL | |

**KSD**

| SL. No. | NAME OF POLICE PERSONNEL | RANK | NAME OF OTHER OFFICIALS | DESIGNATION |
|---|---|---|---|---|
| | NIL | | NIL | |

**RLWYS**

| SL. No. | NAME OF POLICE PERSONNEL | RANK | NAME OF OTHER OFFICIALS | DESIGNATION |
|---|---|---|---|---|
| | NIL | | NIL | |